# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1803 06.03.17 ൽ മറുപടിയ്ക്ക്**

**<u>കാലപ്പഴക്കമുള്ള മോട്ടോർ വാഹനങ്ങൾ</u>**

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | അനിയന്ത്രിതമായി കരിയും, പുകയും പുറപ്പെടുവിച്ചുകൊണ്ട് കാലപ്പഴക്കമുള്ള മോട്ടോർ വാഹനങ്ങൾ നിരത്തുകളെയും അന്തരീക്ഷത്തെയും മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം വാഹനങ്ങളെ നിരത്തുകളിൽ നിന്നും പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ഇത്തരം വാഹനങ്ങളെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് ഇന്ത്യയൊട്ടാകെ ഒരു നിയമം കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തേണ്ടതുണ്ട്. നിലവിൽ ഈ സംസ്ഥാനത്ത് 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെയും 10 വർഷം കഴിഞ്ഞ പൊതു വാഹനങ്ങളുടെയും ഉപയോഗത്തിൽ കുറവു വരുത്തുന്നതിന് ഇത്തരം വാഹനങ്ങൾക്ക് 01.01.2017 മുതൽ ഗ്രീൻ ടാക്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | എത്ര വർഷം പഴക്കമുള്ള മോട്ടോർ വാഹനങ്ങളെ നിരോധിക്കുന്നതിനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**